കനോലി കനാലിന് തീരത്ത് പവലിയൻ നിർമ്മിക്കുന്നതിന് അനുമതി

183 (4986) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജകമണ്ഡലത്തിലെ കണ്ടശ്ശാംകടവിൽ ചീഫ് മിനിസ്റ്റേഴ്സ് ട്രോഫിയ്ക്കായി എല്ലാവർഷവും നടത്തുന്ന വള്ളംകളി മത്സരങ്ങൾക്കായി കാനോലി കനാലിന് തീരത്ത് ഒരു പവലിയൻ നിർമ്മിക്കുന്നതിന് അനുമതിയ്ക്കായി എം.എൽ.എ. നൽകിയ നിവേദനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ ;

(ബി) ടൂറിസം വകുപ്പ് ഇതിലേയ്ക്ക് ആവശ്യമായ തുക അനുവദിച്ച സാഹചര്യത്തിൽ ബഹു. ജലവിഭവ വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിലുള്ള ഫയലിൽ (File No. 6652/W4/14/dated 24/2/2014) ചീഫ് എഞ്ചിനീയർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(സി) ഇതു സംബന്ധിച്ച് തൃശ്ശൂർ സ്പെഷ്യൽ ഇറിഗേഷൻ വകുപ്പ് ഓഫീസിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നോ ;

(ഡി) പവലിയന്റെ നിർമ്മാണത്തിന് കരാർ വച്ചിരിക്കുന്ന സാഹചര്യത്തിൽ അടിയന്തരമായി എൻ.ഒ.സി. നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മണലൂർ നിയോജകമണ്ഡലത്തിലെ കണ്ടശ്ശാം കടവിൽ ചീഫ് മിനിസ്റ്റേഴ്സ് ട്രോഫിക്കായി വള്ളംകളി നടത്തിവരുന്ന സ്ഥലത്ത് ഒരു സ്ഥിരം പവലിയൻ നിർമ്മിക്കുന്നതിനായി പ്രസ്തുത സ്ഥലത്തിന്റെ സംരക്ഷണചുമതല കൈമാറി കൊടുക്കുവാൻ ആഭ്യർത്ഥിച്ചുകൊണ്ടുള്ള ബഹു. എം.എൽ.എ. യുടെ ആവശ്യപ്രകാരം സർക്കാർ വകുപ്പിലെ വ്യവസ്ഥകൾക്കുവിധേയമായി ടി സ്ഥലത്ത് ടൂറിസം ഡെസ്റ്റിനേഷൻ കമ്മിറ്റിക്ക് സ്ഥിരം പവലിയൻ നിർമ്മിക്കുന്നതിന് അനുമതി നൽകാവുന്നതാണെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളതായി ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും), പ്രസ്തുത നിവേദനത്തിൽ വിശദമായ റിപ്പോർട്ട് നൽകുവാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ തൃശ്ശൂർ, അഡീഷണൽ ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ചീഫ് എഞ്ചിനീയറിൽ (ജലസേചനവും ഭരണവും) നിന്നും വിശദമായ റിപ്പോർട്ട് ലഭിച്ചാലുടൻ എൻ.ഒ.സി. നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

കായംകുളം കരിപ്പുഴ കനാലിലെ മണ്ണ്

184 (4987) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി തോടുകളുടേയും പാടശേഖരങ്ങളുടേയും സംരക്ഷണത്തിന്റെ ഭാഗമായി കായംകുളം കരിപ്പുഴ കനാലിനെ ആഴം കൂട്ടിയപ്പോൾ ലഭിച്ച മണ്ണ് കനാലിന്റെ ഇരുവശങ്ങളിലും കൂട്ടിയിട്ടിരിക്കുന്നതുമൂലം ശക്തമായ മഴയിൽ ഇവ വീണ്ടും കനാലിലേക്ക് തന്നെ ഒലിച്ചിറങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ മണ്ണ് ലേലംചെയ്ത് നൽകുന്നതിനോ അല്ലെങ്കിൽ മറ്റ് സ്ഥലങ്ങളിലേക്ക് മാറ്റുന്നതിനോ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കനാൽ ശുചീകരിക്കുന്നതിന്റെ ഭാഗമായി ലഭിച്ച ചെളി പൊതുവെ മാലിന്യമാണ്. മാലിന്യം കലർന്ന ചെളിമണ്ണ് ലേലം ചെയ്താലും വാഹന സൗകര്യമില്ലാത്ത പുരയിടങ്ങളായതുകൊണ്ട് അവിടെനിന്നും തീരത്തേയ്ക്ക് നീക്കം ചെയ്യുവാൻ സാധിക്കുകയില്ല. എസ്റ്റിമേറ്റിൽ മണ്ണിനു കൺവെയൻസ് നൽകിയിട്ടില്ലാത്തതിനാൽ കരാറുകാരൻ ലോറിയിലോ ബോട്ടിലോ ദൂരസ്ഥലങ്ങളിലേക്ക് മാറ്റുവാൻ തയ്യാറല്ല. ആയതിനാൽ അതാത് പുരയിടങ്ങളിൽ തന്നെ കനാലിലേയ്ക്ക് ഒഴുകിയെത്താത്ത വിധം നിരത്തിയിടുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. കനാലിൽനിന്നും നീക്കം ചെയ്യുന്ന മാലിന്യം നിറഞ്ഞ ചെളി കനാലിന്റെ പാർശ്വങ്ങളിൽ ലഭിച്ച സ്ഥലത്തും അടുത്ത പുരയിടങ്ങളിൽ സ്ഥലമുടമയുടെ അനുമതിയോടെയും ആണ് നിക്ഷേപിച്ചിരിക്കുന്നത്. ഇത് വ്യാപകമായി കനാലിലേയ്ക്ക് ഒലിച്ചിറങ്ങാതെ കൂടുതൽ അകലത്തേയ്ക്ക് സ്ഥല ലഭ്യത അനുസരിച്ച് നീക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly